# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1238 — 21.03.2013 ൽ - മറുപടിക്ക്

## റേഷൻ കാർഡുകൾ സംബന്ധിച്ച പരാതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ഡോ.എൻ. ജയരാജ് :<br>ശ്രീ.പി.സി. ജോർജ് :<br>,, റോഷി അഗസ്റ്റിൻ : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസ്സും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എ.പി.എൽ, ബി.പി.എൽ റേഷൻകാർഡുകൾ സംബന്ധിച്ച് ഉയർന്ന പരാതികൾ പരിഹരിക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; | (എ) | 05.11.2011 ലെ ജി.ഒ.(എം.എസ്) നം. 38/11/ ഭ.സി.സ.വ ഉത്തരവ് പ്രകാരം 2009 ലെ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ പുതുക്കിയ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ബി.പി.എൽ. കാർഡുകൾ നൽകുന്നത് സംബന്ധിച്ച പരാതികൾ പരിഹരിയ്ക്കുന്നതിനായി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കാർഡുടമകളിലെ അനർഹരെ ഒഴിവാക്കുന്നതിലും അർഹരെ കണ്ടെത്തുന്നതിലും എത്ര ശതമാനം വിജയം കൈവരിക്കാൻ സാധിച്ചു ; | (ബി) | അനർഹമായി ബി.പി.എൽ/എ.എ.വൈ റേഷൻ കാർഡുകൾ കൈവശം വച്ചിരുന്ന സർക്കാർ/ അർദ്ധസർക്കർ/സഹകരണ മേഖല ജീവനക്കാർ അവ സറണ്ടർ ചെയ്ത് എ.പി.എൽ. കാർഡിലേക്ക് മാറ്റുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിരവധി പേർ തങ്ങളുടെ റേഷൻകാർഡ് എ.പി.എൽ.-ലേക്ക് മാറ്റിയിട്ടുണ്ട്. സ്വയം മാറ്റാത്തവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും റേഷൻകാർഡ് റദ്ദ് ചെയ്യുന്നതിനും സ.ഉ.(അച്ചടി)നം.39/11/ഭ.സി.സ.വ തീയതി 28.12.2011 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ബി.പി.എൽ റേഷൻ കാർഡിന് അർഹരായവരും എന്നാൽ കാർഡ് ലഭിച്ചിട്ടില്ലാത്തതുമായ എത്ര കുടുംബങ്ങൾ ഉണ്ട് ; | (സി) | 2009 ലെ ബി.പി.എൽ. സർവ്വേ പട്ടികപ്രകാരം 32,29,823 കുടുംബങ്ങളാണ് ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നത്. സംസ്ഥാനത്ത് നിലവിൽ 20,49,026 കുടുംബങ്ങൾക്ക് ബി.പി.എൽ/എ.എ.വൈ. റേഷൻകാർഡുകൾ ഉണ്ട്. |
| (ഡി) | എ.പി.എൽ, ബി.പി.എൽ അപാകതകൾക്ക് പൂർണ്ണമായ പരിഹാരം എന്നത്തേയ്ക്ക് സാധ്യമാകും; വ്യക്തമാക്കുമോ ? | (ഡി) | നിലവിൽ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ കാർഡുകൾ അവരുടെ ജീവിത നിലവാരം മാറുമ്പോഴോ/സർക്കാർ ജീവനക്കാരാകുമ്പോഴോ എ.പി.എൽ. വിഭാഗത്തിലേക്ക് മാറ്റപ്പെടുന്നു. |

സെക്ഷൻ ഓഫീസർ